മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആലോചിക്കാം. സ്റ്റോക്ക് കുറവാണെന്നുള്ള കാര്യം മാത്രമേ അതിനു വിരോധമായിട്ടുള്ളൂ. എങ്കിലും ഓരോരുത്തരുടെ ആവശ്യപ്രകാരം കൊടുക്കുന്നുമുണ്ട്.

മിസ്റ്റർ സി. വി. ഇയ്യു: മദ്രാസ്സ് ഗവണ്മെണ്ടു അവിടത്തെ എം. എൽ. എ.മാരിൽ കാറില്ലാത്തവർക്ക് ര ാ ഗ്യാലനും കാറുള്ളവർക്കു നൂ ാ ഗ്യാലനും പെട്രോൾ അനുവദിച്ചു കൊടുത്തിട്ടുള്ളതായി ഗവണ്മെണ്ടിന്നറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആ കാര്യത്തെപ്പറ്റി ഗവണ്മെണ്ടു അന്വേഷിച്ചുവരുകയാണ്.

മിസ്റ്റർ സി. വി. ഇയ്യു: ഇവിടത്തെ നിയമസഭാ സാമാജികന്മാർക്കും അതുപോലെ തരാൻ ഭയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആ കാരണംകൊണ്ടുമാത്രം കൊടുക്കാൻ സാധ്യമല്ല. ഇന്നു കിട്ടുന്ന കപാണ്ടിറ്റി അനുസരിച്ചുമാത്രമേ കൊടുക്കാൻ നിവർത്തിയുള്ളൂ.

മിസ്റ്റർ സി. വി. ഇയ്യു: ഇവിടത്തെ നിയമസഭാംഗങ്ങൾക്കു അവരുടെ നിയോജകമണ്ഡലങ്ങളിൽ വല്ല ആവശ്യത്തിന്നും വേണ്ടി ചുറ്റി സഞ്ചരിക്കുന്നതിനു പെട്രോൾ അനുവദിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആ ആവശ്യത്തിന്നുവേണ്ടി അനുവദിച്ചുകൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: കാറില്ലാത്തവർക്കു പെട്രോൾ കൊടുക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കാറില്ലാത്തവർക്കു കിട്ടുകയില്ല.

WELLS IN DEPRESSED CLASSES COLONIES—ALLOTMENT IN THE 1121, 1122 AND 1123 BUDGETS—INFORMATION REGARDING

242. (236) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) അധഃകൃത കോളനികളിൽ ൧൯൨൧, ൧൯൨൨, ൧൯൨൩ ഈ ഓരോ കൊല്ലങ്ങളിലും പുതിയ കിണറുകൾ കഴിപ്പിക്കുന്നതിന്നും പഴയ കിണറുകൾ താഴ്ത്തുന്നതിന്നുമായി എത്ര ഉറുപ്പിക ബഡ്ജറ്റിൽ അനുവദിച്ചിരുന്നു;

(ബി) ഓരോ കൊല്ലത്തിലും കോളനികളിലെ ഈ പ്രത്യേകാവശ്യത്തിനായി എത്ര ഉറുപ്പികവീതം ചിലവാക്കി;

(സി) ഓരോ കൊല്ലത്തിലും എത്ര ഉറുപ്പികവീതം ലാപ്സായി;

(ഡി) ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന സംഖ്യ ലാപ്സാകാൻ കാരണമെന്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

		അനുവദിച്ച സംഖ്യ
(എ)	കൊല്ലം	
	൧൯൨൧	൧൫, ൭൫ ൦ ക.
	൧൯൨൨	൧൪, ൦ ൦ ൦ ക.
	൧൯൨൩	൨൨, ൫ ൪ ൦ ക.
		ചിലവായ സംഖ്യ
(ബി)	കൊല്ലം	
	൧൯൨൧	൪,൭൩൧ ൧ ക.
	൧൯൨൨	൬, ൬൭൭ ക.
	൧൯൨൩	൧൭, ൦൩൭ ക.
		ലാപ്സായ സംഖ്യ
(സി)	കൊല്ലം	
	൧൯൨൧	൭,൯൨൯ ക.
	൧൯൨൨	൬,൨൧൨ ക.
	൧൯൨൩	൫,൩൭൨ ക.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫ ഫ ഫ-ലും ഫ ഫ ഫ-ലും പണികൾ തക്കസമയത്തു് ഏൽപിക്കുന്നതിനു ന്യായമായ നിരക്കിൽ കരാറുകാരെ കിട്ടാതെവന്നതുകൊണ്ടും, കാലവർഷം നേരത്തെതന്നെ തുടങ്ങിയതുകൊണ്ടും സംഖ്യലാപ്സായതാണു്. ഫ ഫ ഫ-ൽ ലാപ്സായ തു ര. ക. അറക്കൊല്ലത്തിൻ ബിൽ കാഷ് ചെയ്യാത്തതുകൊണ്ടും ബാക്കി ലാപ്സായ സംഖ്യ ഓരോ പണികളിൽ നിന്നും സേവിങ്ങ്സ് കിട്ടിയ സംഖ്യയും ആകുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇക്കൊല്ലത്തിലെങ്കിലും സംഖ്യ ലാപ്സായി പോകാതെ, അനുവദിച്ചിട്ടുള്ള സംഖ്യ മുഴുവൻ ചിലവു ചെയ്യുന്നതിനു എടുപ്പാടു ചെയ്യാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആക്കാര്യം ശ്രദ്ധിക്കാം.

SCHEME OF DECENTRALISATION OF WORK—INTRODUCTIOF IN PUBLIC WORKS DEPARTMENT—DETAILS REGARDING

24. (135) **Mr. P. K. Krishnankutty Menon** *(Vellarapilli)*: Will Government be pleased to state.—

(*a*) when was the scheme of decentralisation of work introduced in the Public Works Department for the 1st time;

(*b*) what is the additional annual expanditure incurred by Government by the introduction of that system;

(*c*) what amount has been spent by that Department for Public Works other than works in connection with the Hydro-Electric Scheme and Peechi Irrigation Scheme for the years 1118, 1119, 1120. 1122 and 1123 respectively;

(*d*) what was the average reduction or increase in the tender amounts for-those years respectively?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) In the beginning of the year 1122.

(*b*) About Rs. 1,25,000.

(*c*) and (*d*) A list is appended. *(Vide Appendix 11).*

APPLICATIONS FROM PERUMANNAN COMMUNITY TO THE S. S. BOARD AND PUBLIC SERVICE COMMISSION—INFORMATION REGARDING

244. (219) മിസ്റ്റർ പി. എസ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ —

(എ) പെരുമണ്ണാൻ സമുദായത്തിൽനിന്നും സ്റ്റാഫ് സെലക്ഷൻ ബോർഡിലേക്കും സപ്ലീസ് കമ്മിഷനിലേക്കും എത്രപേർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടു്;

(ബി) അവരിൽ എത്രപേക്കാണു് ഉദ്യോഗങ്ങൾ നൽകിയതു്?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) സപ്ലീസ് കമ്മീഷനിലേക്കു് ഫ ന അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടു്. സ്റ്റാഫ് സെലക്ഷൻ ബോർഡിലേക്കു് അയക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ വിവരം അറിയുന്നതിനു് ഫ ഫ കൊല്ലത്തെ റജിസ്റ്റുകളും മറ്റും നോക്കേണ്ടി വരുന്നതുകൊണ്ടു് ടി വിവരം ലഭിച്ചിട്ടില്ല

(ബി) സപ്ലീസ് കമ്മീഷൻ നടപ്പിലായതിനു ശേഷം ഫ വ പേക്കു ഉദ്യോഗങ്ങൾ നൽകിയിട്ടുണ്ടു്.

മിസ്റ്റർ പി. എസ്സ്. മാധവൻ വൈദ്യർ: പെരുമണ്ണാൻ സമുദായത്തിൽനിന്നു, ജനസംഖ്യാനുപാതികമായി ഉദ്യോഗം കിട്ടുന്നില്ലെന്നുള്ള വല്ല ആക്ഷേപവും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസ്സുവേണം.

THIRUVANKULAM PANCHAYAT DEPOT—MANURE TAKEN TO TRAVANCORE—COMPLAINTS REGARDING

245. (259) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തിരുവാങ്കുളം പഞ്ചായത്തു വളംഡിപ്പോവിൽനിന്നു് ഫ ഫ ര തുലാം വ-ാംതീയതിലേക്കു കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly